**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 369** **07-10-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതത്തിൽ എത്ര ശതമാനമാണ് 2024-25 സാമ്പത്തിക വർഷം വെട്ടികുറച്ചതെന്ന് വിശദീകരിക്കുമോ; | (എ) | പ്രാദേശിക സർക്കാരുകൾക്ക് 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതം ഇതുവരേയും വെട്ടികുറച്ചിട്ടില്ല. |
| (ബി) | 2023-24, 2024-25 വർഷങ്ങളിലെ പെന്റിങ് ബില്ലുകളിൽ ഇനി എത്ര ബില്ലുകൾക്ക് തുക നൽകുവാനുണ്ടെന്നും എത്ര ബില്ലുകളുടെ തുക അനുവദിച്ചുവെന്നും വ്യക്തമാക്കുമോ? | (ബി) | 2023-24 സാമ്പത്തിക വർഷത്തിൽ പാസ്സാകാതിരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുഴുവൻ ബില്ലുകളും വീണ്ടും പ്രോസസ്സ് ചെയ്ത് ട്രഷറിയിൽ സമർപ്പിക്കുന്നതിനായി സാംഖ്യാ സോഫ്റ്റ് വെയറിലേയ്ക്ക് തിരികെ നൽകിയിരുന്നു. സുലേഖ ഡാഷ് ബോർഡിൽ ലഭ്യമായ 03.10.2024 ലെ കണക്ക് പ്രകാരം ഇപ്രകാരം തിരികെ നൽകിയ ബില്ലുകളിൽ 2023-24 സാമ്പത്തിക വർഷത്തെ 2027 ബില്ലുകൾ പാസ്സാക്കുന്നതിനായി നിലവിലുണ്ട്. കൂടാതെ 2024- 25 സാമ്പത്തിക വർഷത്തെ 8218 ബില്ലുകളും ട്രഷറികളിൽ പെന്റിങ് ഉണ്ട്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ സമർപ്പിച്ചിട്ടുള്ള ക്രമപ്രകാരമുള്ള എല്ലാ ബില്ലുകളും ട്രഷറികളിൽ നിന്നും പാസ്സാക്കി നൽകിയിട്ടുണ്ട്. ട്രഷറി സംവിധാനം നിലവിലില്ലാത്തതിനാൽ നടപ്പ് വർഷത്തെ ബില്ലുകൾ പാസാക്കുന്നതിന് സ്വാഭാവികമായ നടപടി സമയം മാത്രമാണുള്ളത്.<br><br>2023-24 സാമ്പത്തിക വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 3,37,724 ബില്ലുകളും 2024-25 സാമ്പത്തിക വർഷം (03/10/2024 വരെ) 1,22,490 ബില്ലുകളും പാസാക്കി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ